**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3810** | **09-10-2025 - ൽ മറുപടിയ്ക്ക്**

**എൻ. സി. സി. ക്ക് ദേശീയ നിലവാരത്തിൽ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ദെലീമ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ. സി. സി. യുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സാമൂഹിക പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | **എൻ. സി. സി. യുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സാമൂഹിക പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു**<br><br>1. സംസ്ഥാനത്തെ വിദ്യാലയങ്ങളിലും, കലാലയങ്ങളിലും, പൊതുയിടങ്ങളിലും വർദ്ധിച്ചുവരുന്ന മയക്ക് മരുന്ന് ഉപയോഗത്തിനെതിരെ പ്രതിരോധം തീർക്കുന്നതിന് എൻ.സി.സി. യും എൻ.എസ്സ്. എസ്സും, സംയുക്തമായി ആസാദ് എന്ന ലഹരി വിമുക്ത സേന രൂപികരിച്ചിട്ടുണ്ട്<br><br>2.പുനീത് സാഗർ അഭിയാൻ -കായൽ, കടൽ, നദീതീരങ്ങൾ വൃത്തിയാക്കൽ<br><br>3. മാലിന്യ മുക്ത നവ കേരളം, മാലിന്യ മുക്തക്യാമ്പസ്സ്, വി-കെയർ (ചികിത്സാ സഹായ ഫണ്ട് സമാഹരിയ്ക്കൽ)<br>4. ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ സുരക്ഷിതമായ ഉപയോഗത്തെ സംബന്ധിച്ച് കുട്ടികളെ ബോധവൽക്കരിയ്ക്കൽ.<br><br>5. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനവും ബോധ വൽക്കരണവും, രക്തദാനം,വൃദ്ധസദനം സന്ദർശിയ്ക്കലും സഹായിക്കലും, വൃക്ഷ തൈ നടീലും, പരിചരണവും, ട്രാഫിക് ബോധ വൽക്കരണം, പ്രതിമകളുടെ ശുചീകരണം, സഹപാഠിക്കൊരു സാന്ത്വനം പരിപാടി, സിക്കിൾ സെൽ അനീമിയയുടെ പ്രതിരോധ പ്രവർത്തനങ്ങൾ.<br><br>6. Awareness Classes - റെയിൽവേ സേഫ്റ്റി, Health and hygienic skill development, ഊർജ്ജ സംരക്ഷണം, പേപ്പർ ബാഗ് ഉപയോഗം, ജീവിത |

| | | | |
|---|---|---|---|
| | | | ശൈലി രോഗങ്ങളുടെ ബോധവൽക്കരണം തുടങ്ങിയ സാമൂഹിക പ്രവർത്തനങ്ങൾ. |
| (ബി) | സംസ്ഥാനത്ത് എൻ. സി. സി. ക്ക് ദേശീയ നിലവാരത്തിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്<br><br>1. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് തേഞ്ഞിപ്പാലത്ത് അനുവദിച്ച 4 ഏക്കർ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു .ഹെലിപ്പാട് ഉൾപ്പെടെയുള്ള പരേഡ് ഗ്രൗണ്ട്, 650 കേഡറ്റുകൾക്കും 50 പരിശീലകർക്കും താമസിച്ച് പരിശീലനം നടത്താവുന്ന സൗകര്യങ്ങളും ഉൾപ്പെടെയുള്ള പ്രസ്തുത പദ്ധതിയ്ക്ക് 1924 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>2. വാമനപുരം മണ്ഡലത്തിലെ കല്ലറ വില്ലേജിൽ 650 കേഡറ്റുകൾക്കും 50 പരിശീലകർക്കും താമസിച്ച് പരിശീലനം നടത്താവുന്ന ദേശീയനിലവാരത്തിലുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.. 8.55 ഏക്കർ റവന്യ സ്ഥലവും, പരിശീലന കേന്ദ്ര നിർമ്മാണത്തിന് 600 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>3കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ആക്കുളത്ത് 300 നേവൽ കേഡറ്റുകൾക്ക് ജലത്തിലെ സാഹസിക പരിശീലനം നടത്താവുന്ന നേവൽ ട്രെയിനിംഗ് സെന്ററിന് 1523 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്..<br><br>4.ഏലത്തൂർ . നിയോജക മണ്ഡലത്തിൽ 860 ലക്ഷം രൂപയും, കൊല്ലം തേവള്ളിയിൽ 480 ലക്ഷം രൂപയും നേവൽ ട്രെയിനിംഗ് സെന്റർ നിർമ്മിയ്ക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു<br><br>5.പീരുമേട് നിയോജക മണ്ഡലത്തിൽ സംസ്ഥാനത്തെ 1000 എയർ വിങ് എൻ. സി.സി കേഡറ്റുകൾക്ക് സൌജന്യ ഫ്ലയിംഗ് പരിശീലനം നൽകുന്നതിന് ദേശീയ നിലവാരത്തിലുള്ള എയർ സ്ട്രിപ്പ് നിർമ്മിയ്ക്കുന്നതിന് പീരുമേട് സത്രത്തിൽ ആദ്യ ഘട്ടമായി 12 ഏക്കർ റവന്യു ഭൂമി അനുവദിയ്ക്കുകയും, റൺവെയുടെയും ഹാംഗറിന്റെയും മറ്റ് അനുബന്ധ നിർമ്മാണ പ്രവൃത്തികൾക്കുമായി 2400 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. എയർ സ്ട്രിപ്പിൽ ഡ്രോൺ സ്റ്റേഷൻ കൂടി നിർമ്മിയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.<br><br>പ്രസ്തുത പദ്ധതികളെല്ലാം ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും കൂടി ഉപയോഗിക്കാവുന്ന |

| | | | |
|---|---|---|---|
| | | | രൂപത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ എത്ര എൻ. സി. സി. കേഡറ്റുകൾക്ക് കൂടുതലായി പരിശീലന സൗകര്യങ്ങളൊരുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (സി) | പദ്ധതി പൂർത്തികരിക്കുമ്പോൾ ഓരോ പരിശീലന കേന്ദ്രത്തിലും 650 കേഡറ്റുകൾക്ക് വീതം പരിശീലനം നൽകുവാൻ കഴിയും |
| (ഡി) | സംസ്ഥാനത്ത് എൻ. സി. സി. ക്ക് പുതിയ ആസ്ഥാന കാര്യാലയവും ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്.<br><br>എൻ.സി.സി. ഡയറക്ടറേറ്റിന് പുതിയ ആസ്ഥാന കാര്യാലയം നിർമ്മിക്കുന്നതിന് 1164 ലക്ഷം രൂപയും, കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ മണ്ണന്തലയിൽ എൻ. സി. സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് 600 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ